"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജയിലുകൾ - സർക്കാർ ക്വാർട്ടേഴ്സ് ഉപയോഗിക്കുന്ന ജയിൽ ജീവനക്കാരിൽ നിന്നും പീനൽ റെന്റ് ഇനത്തിൽ ഈടാക്കിയ തുക തിരികെ നൽകുന്നതിന് അനുമതി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(കൈ) നം.18/2025/HOME തീയതി,തിരുവനന്തപുരം, 30-01-2025

---

പരാമർശം:-

1. 20.01.2016 തീയതിയിലെ സ. ഉ. (പി) 7/2016/ധന.
2. 12.12.2023 തീയതിയിലെ ബി3/137/2020/ആഭ്യന്തരം നമ്പർ സർക്കാർ കത്ത്.
3. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ 5.01.2024,23.07.2024 തീയതികളിലെ ഇ4-38682/2023/PrHQ, 23.07.2024 തീയതിയിലെ ഇ4-4481/2023/PrHQ , 29.01.2024 തീയതിയിലെ ഇ4-230/2023/PrHQ, 29.01.2024 തീയതിയിലെ ഇ4-30460/2022/PrHQ, 02.02.2024 തീയതിയിലെ ഇ4-25903/2023/PrHQ നമ്പർ കത്തുകൾ

**ഉത്തരവ്**

കേരള പ്രിസൺ മാന്വലിലെ ഖണ്ഡിക 59, കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 80, കേന്ദ്രസർക്കാരിന്റെ മാതൃകാ പ്രിസൺ മാന്വൽ ഖണ്ഡിക 30.37, 30.40 എന്നിവയിൽ ജയിൽ ജീവനക്കാർക്ക് ജയിൽ കാമ്പസിനുള്ളിൽ വാടകരഹിതക്വാർട്ടേഴ്സുകൾ അനുവദിക്കേണ്ടതാണെന്നും, അപ്രകാരം വാടകരഹിതക്വാർട്ടേഴ്സുകൾ അനുവദിക്കാത്ത ജീവനക്കാർക്ക് മറ്റ് വകുപ്പുകളിലെ സർക്കാർ ജീവനക്കാർക്ക് നൽകുന്ന വീട്ടുവാടക അലവൻസിന് തുല്യമായ തുക അനുവദിക്കേണ്ടതുണ്ടെന്നും വ്യവസ്ഥ ചെയ്യുന്നു.

2. ജയിൽ ജീവനക്കാർ നിർബന്ധമായും ജയിൽ കോമ്പൗണ്ടിലെ ക്വാർട്ടേഴ്സിൽ താമസിക്കണമെന്നും അവർക്ക് വാടകരഹിതതാമസസൗകര്യം ലഭ്യമാക്കണമെന്നും ജയിൽ ചട്ടങ്ങളിലും കേന്ദ്രസർക്കാരിന്റെ മാതൃകാ പ്രിസൺ മാനുവലിലും വ്യവസ്ഥ ചെയ്യുന്നതിനാൽ, പരാമർശം (1) ശമ്പളപരിഷ്കരണ ഉത്തരവിലെ ഔദ്യോഗിക വസതികളിൽ താമസിക്കുന്നതും 35700-75600 ശമ്പള സ്കെയിലോ അതിനു മുകളിലോ ഉള്ള ഉദ്യോഗസ്ഥർ അടിസ്ഥാനശമ്പളത്തിന്റെ 2 % റെന്റ് അടയ്ക്കണമെന്ന പൊതുവ്യവസ്ഥ, ജയിൽ ജീവനക്കാർക്ക് ബാധകമാകില്ലായെന്ന് പരാമർശം (2) കത്ത് പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിനെ അറിയിച്ചിരുന്നു.

3. മേൽ നിർദ്ദേശം നൽകുന്നതിന് മുൻപായി, 35700-75600 ശമ്പള സ്കെയിലോ അതിനു മുകളിലോ ഉള്ള ശമ്പളസ്കെയിലിന്റെ പരിധിയിൽ ഉൾപ്പെട്ടിരുന്ന ജയിൽവകുപ്പിലെ മിനിസ്റ്റീരിയൽ, എക്സിക്യൂട്ടീവ് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പീനൽ റെന്റ് ഇനത്തിൽ തുക ഈടാക്കുകയും, വിരമിച്ച ജീവനക്കാരിൽ നിന്നും അവർ അടയ്ക്കാതിരുന്ന തുക ബാധ്യതയായി ഈടാക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. പരാമർശം (2)-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, പീനൽ

റെന്റിനത്തിൽ ഒടുക്കിയ തുക തിരികെ കിട്ടുന്നതിന് ജീവനക്കാർ സമർപ്പിച്ച അപേക്ഷകൾ, ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ എന്നിവ പരാമർശം (3) കത്തുകൾ പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് സമർപ്പിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർവീസിൽ നിന്നും വിരമിച്ച ജീവനക്കാരിൽ നിന്നും ആകെ 4,44,129/- രൂപയും സർവീസിൽ തുടരുന്ന ജീവനക്കാരിൽ നിന്നും ആകെ 1,25,172/- രൂപയും ഉൾപ്പെടെ 5,69,301 /- രൂപ (അഞ്ച് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി മൂന്നൂറ്റി ഒന്ന് രൂപ മാത്രം) പീനൽ റെന്റ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. ജയിൽ ജീവനക്കാരിൽ നിന്നും പീനൽ റെന്റ് ഈടാക്കേണ്ടതില്ലായെന്ന പരാമർശം (2) പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം (3) പ്രകാരമുള്ള 23.07.2024 തീയതിയിലെ ഇ4-38682/2023/PrHQ കത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങൾക്കനുസൃതമായി, ഓരോ ജീവനക്കാരനിൽ നിന്നും പീനൽ റെന്റ് ഇനത്തിൽ ഈടാക്കിയ തുക, താഴെപ്പറയുന്ന വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് അവർക്ക് തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു:

i) Deduction code 203 മുഖേന ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്ന തുക PWD വകുപ്പിന്റെ 0059-01-800-00-Public Works ശീർഷകത്തിലാണ് വരവ് വയ്ക്കുന്നത്. ആയതിനാൽ പീനൽ റെന്റ് ഇനത്തിൽ ജയിൽ ജീവനക്കാരിൽ നിന്നും 0059-01-800-00-Public Works ശീർഷകത്തിലേക്ക് ഒടുക്കപ്പെട്ട തുക പ്രസ്തുത ശീർഷകത്തിൽ നിന്ന് തന്നെയാണ് റിഫണ്ട് ചെയ്ത് നൽകേണ്ടത്. റീഫണ്ട് നടപടിക്രമങ്ങൾക്കായി ജയിൽ ആസ്ഥാനകാര്യാലയത്തിലെ DDO-യെ ചുമതലപ്പെടുത്തുന്നു.

ii) നടപടിക്രമം പാലിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഭരണാനുമതി ഉത്തരവും മേൽ ശീർഷകത്തിൽ തുക ഒടുക്കിയത് സംബന്ധിച്ച വിശദാംശങ്ങളും സഹിതം BIMS-ൽ 'റീ-ഫണ്ട് മാസ്റ്റർ' enable ചെയ്തുകിട്ടുന്നതിനായി DDO, ട്രഷറിയെ സമീപിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ജയിലാസ്ഥാനകാര്യലയം ,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ സബ് ട്രഷറി , ഫോർട്ട്, തിരുവനന്തപുരം.

ധനകാര്യ (വ്യയം ബി )വകുപ്പ് ( 28/12/2024 -ലെ 1446892/വ്യയം -എ3/84/2020-ധന കുറിപ്പ് പ്രകാരം).

വിവര- പൊതുജനസമ്പർക്കവകുപ്പ് (വെബ് & ന്യൂ മീഡിയാ വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Jijimon R
Date: 30-01-2025 15:32:43

സെക്ഷൻ ഓഫീസർ

പകർപ്പ് : മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്